## പതിനാലാം കേരള നിയമസഭ
## പതിമൂന്നാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ **3314** | 10-12-2018 -ൽ മറുപടിക്ക്

### പ്രളയക്കെടുതിയിൽ മലയോര മേഖലയിൽ ഉണ്ടായിട്ടുള്ള നാശനഷ്ടങ്ങൾ

| | ചോദ്യം | | മറുപടി |
|---|---|---|---|
| | **ശ്രീ.പി.സി. ജോർജ്** | | **ശ്രീ.ഇ.ചന്ദ്രശേഖരൻ (റവന്യൂവും ഭവന നിർമ്മാണവും വകുപ്പ് മന്ത്രി)** |
| എ) | പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് 15.08.18 മുതൽ 15.11.18 വരെയുള്ള കാലയളവിൽ എത്ര വീടുകളുടെ പുനർ നിർമ്മാണത്തിനായി റവന്യൂ വകുപ്പ് മുഖേന ധനസഹായം അനുവദിച്ചിട്ടുണ്ട്; വിശദമാക്കുമോ; | എ) | 27.11.2018 വരെയുള്ള കണക്കുകൾ പ്രകാരം 75%-ത്തിലധികം തകർച്ച നേരിട്ട 4635 വീടുകൾക്ക് ഒന്നാം ഘട്ട ധനസഹായം വിതരണം ചെയ്തിട്ടുണ്ട്. |
| ബി) | 2018-ലെ പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് റവന്യൂ വകുപ്പ് ഇതുവരെ പുറപ്പെടുവിച്ച ഉത്തരവുകളുടെ പകർപ്പുകൾ ലഭ്യമാക്കുമോ; | ബി) | പ്രളയക്കെടുതികളെ തുടർന്ന് റവന്യൂ ദുരന്ത നിവാരണ വകുപ്പ് പുറപ്പെടുവിച്ച സർക്കാർ ഉത്തരവുകളുടെയും സർക്കുലറുകളുടെയും പകർപ്പുകൾ e-mail മുഖാന്തിരം ലഭ്യമാക്കുന്നതാണ്. |
| സി) | പ്രളയക്കെടുതിയുമായി ബന്ധപ്പെട്ട് മലയോര മേഖലയിൽ ഉണ്ടായിട്ടുള്ള ഉരുൾപ്പൊട്ടലുകൾമൂലം ഉണ്ടായ നാശനഷ്ടങ്ങൾ പ്രത്യേകം കണക്കാക്കിയിട്ടുണ്ടോ; എങ്കിൽ വിശദമാക്കുമോ? | സി) | മണ്ണിടിച്ചിലിലും ഉരുൾപൊട്ടലിലുമായി 152 പേർക്ക് ജീവഹാനി സംഭവിച്ചിട്ടുണ്ട്. പ്രളയക്കെടുതികളെ തുടർന്നുണ്ടായ ഉരുൾപൊട്ടൽ, മണ്ണിടിച്ചിൽ, വെള്ളപ്പൊക്കം എന്നിവമൂലമുള്ള ആകെ നഷ്ടമാണ് വിവിധ ഏജൻസികൾ കണക്കാക്കിയിട്ടുള്ളത്. ഉരുൾപൊട്ടൽ മൂലമുണ്ടായ നാശനഷ്ടം എന്ന് പ്രത്യേകം കണക്കാക്കിയിട്ടില്ല. |

സെക്ഷൻ ഓഫീസർ